**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3146** **14-02-2024 - ൽ മറുപടിയ്ക്ക്**

**വളപട്ടണം പഞ്ചായത്തിലെ പ്ലാന്റ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജല ജീവൻ മിഷന്റെ ഭാഗമായി വളപട്ടണം പഞ്ചായത്തിൽ ഉൾപ്പെടുന്ന വഖഫ് ഭൂമിയിൽ ജല വിതരണ പ്ലാന്റ് നിർമ്മിക്കാൻ അനുമതിക്കായി പഞ്ചായത്ത് സമർപ്പിച്ച അപേക്ഷയുടെ നിജസ്ഥിതി അറിയിക്കാമോ; | (എ) | വളപട്ടണം പഞ്ചായത്തിനു വേണ്ടിയുള്ള ജല ജീവൻ മിഷൻ കടിവെള്ള പദ്ധതിക്കാവശ്യമായ 3.00 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജല സംഭരണി നിർമ്മിക്കുന്നതിനു വേണ്ടിയാണ് വളപട്ടണം ജുമാഅത്ത് പള്ളിയുടെ ഉപയോഗത്തിലുള്ള 18.5 സെൻറ് സ്ഥലത്തിന് പഞ്ചായത്ത് വഖഫ് ബോർഡിന് അപേക്ഷ സമർപ്പിച്ചത്. സ്ഥലം അക്വിസിഷൻ സംബന്ധിച്ച നടപടികളിൽ വരുന്ന കാലതാമസം പദ്ധതിയുടെ പുരോഗതിയെ ബാധിക്കും എന്നത് കണക്കിലെടുത്ത് വളപട്ടണം ജുമാഅത്ത് പള്ളിയിൽ നിന്നും പഞ്ചായത്തിന് ജലസംഭരണിയുടെ നിർമ്മാണത്തിന് അനുമതി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ നിർദ്ദേശാനുസരണം ജല സംഭരണിയുടെ നിർമ്മാണ പ്രവൃത്തി തുടങ്ങുകയും ചെയ്തു. സ്ഥലം വഖഫ് ബോർഡിൽ നിന്നും പഞ്ചായത്ത് ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികൾ പൂർത്തീകരിച്ചിട്ടില്ല. നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ഉടമസ്ഥാവകാശം വഖഫിൽ നിലനിർത്തി പ്ലാന്റ് നിർമ്മിക്കുന്നതിന് തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ? | (ബി) | ഉടമസ്ഥാവകാശം വഖഫിൽ നിലനിർത്തി 3.00 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജല സംഭരണി നിർമ്മിക്കുന്നതിന് ജല വിഭവ വകുപ്പിന് തടസ്സമില്ല. എന്നാൽ ഉടമസ്ഥാവകാശം വഖഫ് ബോർഡിൽ നിലനിർത്തിക്കൊണ്ട് നിർമ്മാണ അനുമതി നൽകാൻ വഖഫ് ബോർഡിന് സാധ്യമല്ല എന്ന് മലപ്പുറം ജില്ലയിലെ മറ്റൊരു കേസിൽ ബോർഡ് വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ